(ഇ) ഇവരിൽ നിന്ന് 531 പേരെ അദ്ധ്യാപകരായി 2003-04-ൽ നിയമിച്ചു.

(എഫ്) 1959-ലെ (കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട് സെക്ഷൻ 4(1) പ്രകാരം എല്ലാ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ അതാതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം മാത്രമേ നികത്തുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ജി) ഉണ്ട്.

(എച്ച്) വിവരം ശേഖരിച്ചു വരുന്നു.

(ഐ) പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുമുമ്പ് സി.എൻ.വി. ആക്ട് പ്രകാരം പരിശോധന നടത്തുക, ആക്ട് ലംഘനം കണ്ടെത്തുന്ന പക്ഷം വിശദീകരണം ചോദിക്കുക, കാരണം കാണിക്കൽ നോട്ടീസ് നൽകുക തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ആക്ട് ലംഘനം നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താനായുള്ള പരിശോധന നടന്നുവരികയാണ്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയുള്ള നിയമനം

53 [485] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ കോഴിക്കോട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് എത്ര പേർക്ക് ജോലി നൽകുന്നതിന് ഇന്റർവ്യൂകാർഡ് അയച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകളിലേക്കുള്ള നിയമനത്തിനായി എത്ര പേർക്ക് ഇന്റർവ്യൂ കാർഡുകൾ അയച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മേൽപ്പറഞ്ഞ വകുപ്പുകളിൽ ജോലി ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷം ഇതുവരെ കോഴിക്കോട് ജില്ലയിൽ 12188 പേരെ വിവിധ ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. എന്നാൽ ഇന്റർവ്യൂകാർഡ് അയയ്ക്കുന്നത് ബന്ധപ്പെട്ട തൊഴിൽദായകനാണ്.

(ബി) ഇതിൽ വിദ്യാഭ്യാസ വകുപ്പിൽ 1532 പേരെയും ആരോഗ്യ വകുപ്പിൽ 721 പേരെയും നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ആരെയും നാമനിർദ്ദേശം ചെയ്തിട്ടില്ല.

(സി) ഈ വർഷം കോഴിക്കോട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി വിദ്യാഭ്യാസ വകുപ്പിൽ 77 പേർക്കും ആരോഗ്യവകുപ്പിൽ 32 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) തസ്തിക

54 [486] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) തസ്തിക ഏതു കേഡറിലാണ് അനുവദിച്ചിട്ടുള്ളത്;

(ബി) മേൽ തസ്തികയുടെ അധികാരങ്ങൾ നിജപ്പെടുത്തിയിട്ടുള്ളത് ഏതു ഉത്തരവിലൂടെയാണ്;

(സി) ഈ ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ കേഡറിലാണ് അനുവദിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്.) നമ്പർ 37/72/എൽ.ബി.ആർ. തീയതി 21-4-72 പ്രകാരം പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസ് പ്രത്യേക ഓഫീസാക്കി മാറ്റി എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയാക്കി മാറ്റിയിട്ടുണ്ട്.

(ബി) 21-4-1972-ലെ ജി.ഒ.(എം.എസ്.) നമ്പർ 37/72 ലേബർ എന്ന നമ്പരിലുള്ള ഉത്തരവിലൂടെയാണ്.

(സി) എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) കീഴിലുള്ള ഉദ്യോഗസ്ഥരുടെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറാണ്. കൂടാതെ 30-12-1975-ലെ ജി.ഒ.(എം.എസ്.) 100/75/ലേബർ ഉത്തരവു പ്രകാരം ടി ഉദ്യോഗസ്ഥന് കീഴിലുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സ്റ്റഡി ലീവ്, സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ്, ലീവ് വിത്തൗട്ട് അലവൻസ് എന്നിവ ഒഴികെയുള്ള നാലു മാസത്തിൽ കുറവുള്ള കാലാവധിയുള്ള മറ്റു ലീവുകൾ പാസ്സാക്കുന്നതിനും അധികാരമുണ്ട്. ജീവനക്കാരുടെ പി.എഫ്. അനുവദിക്കുന്നതിന് കാലാകാലങ്ങളിൽ ഗവൺമെന്റ് ഉത്തരവിലൂടെ ഭേദഗതി ചെയ്ത് നിജപ്പെടുത്തിയ അധികാരങ്ങളും പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസർക്കുണ്ട്.